പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2558 　　　　01/04/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാതൃകാ കോളനി

ചോദ്യം 　　　　　　　　　　　　　　　　　മറുപടി

ശ്രീ.രാജു എബ്രഹാം :

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും
വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാതൃകാ കോളനി സ്ഥാപിക്കാൻ ഓരോ ജില്ലയിലും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ-ക്കായി പ്രാരംഭഘട്ടത്തിൽ കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കുഞ്ഞോം, വാകേരി, കാരാപ്പുഴ (പരൂർകുന്ന്) എന്നിവിടങ്ങളിൽ അഞ്ച് പട്ടികവർഗ്ഗ മാതൃകാകോളനികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാരംഭമായി ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം വീടൊന്നിന് 5.32 ലക്ഷം രൂപ നിരക്കിൽ, ആകെ 125 വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. |
| ബി) | പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതി നടപ്പാക്കുന്നത് എവിടെയാണ്; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ പദ്ധതിയുടെ നടത്തിപ്പിന് എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണ്; ഈ തടസ്സങ്ങൾ മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ബി) | പത്തനംതിട്ട ജില്ലയിൽ ചാലക്കയം നിലയ്ക്കൽ ഇടത്താവളത്തിന് സമീപം വനംവകുപ്പിന്റെ സ്ഥലമാണ് മോഡൽ കോളനി നിർമ്മിക്കുന്നതിനായി ആദ്യം തെരഞ്ഞെടുത്തിരുന്നത്. ജില്ലയിലെ മലപ്പണ്ടാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 25 കുടുംബങ്ങളെ ഇവിടെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ മോഡൽ കോളനിക്കായി കണ്ടെത്തിയ സ്ഥലം നിലക്കൽ ഇടത്താവളത്തിന്റെ ഭാഗമാണെന്ന് |

| | | | |
|---|---|---|---|
| | | | തിരുവിതാംകൂർ ദേവസ്വം ബോർഡ് തടസ്സവാദം ഉന്നയിച്ചതിനെത്തുടർന്ന് സ്ഥലം ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. പത്തനംതിട്ട ജില്ലയിൽ മോഡൽ കോളനി സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് വനം, റവന്യൂ, പട്ടികവർഗ്ഗ വികസനം, സർവ്വേ തുടങ്ങിയവകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുകയും, മോഡൽ കോളനിയ്ക്കായി കണ്ടെത്തിയ സ്ഥലം തർക്കമുള്ള സാഹചര്യത്തിൽ മറ്റൊരു സ്ഥലം കണ്ടെത്തുന്നതാണുചിതമെന്ന് തീരുമാനി-ക്കുകയും ചെയ്തു. തുടർന്ന് ളാഹ, പമ്പ റോഡിന് സമീപം, രാജംപാറമഞ്ഞത്തോട് കോളനിയോട് ചേർന്നുള്ള വനംവകുപ്പിന്റെ അക്കേഷ്യാ പ്ലാന്റേഷൻ നിൽക്കുന്നതുമായ, റാന്നി പെരുനാട് വില്ലേജിലെ സർവ്വെ നം.953/1-ൽ പെട്ട 10 ഏക്കർ സ്ഥലം സർവ്വേ ചെയ്ത് മോഡൽ കോളനി സ്ഥാപിക്കുന്നതിനായി വനംവകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ